LIBRARY ARCHIVES Kerala Legislative Assembly

അന്യസംസ്ഥാന തൊഴിലാളികൾ

250 (915) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വിവിധ തൊഴിൽ മേഖലകളിൽ ഓരോ ദിവസവും അന്യസംസ്ഥാന തൊഴിലാളികളുടെ എണ്ണം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അന്യസംസ്ഥാന തൊഴിലാളികളുടെ ദിനംപ്രതിയുള്ള കേരളത്തിലേക്കുള്ള വരവ് നിയന്ത്രിക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടില്ല.

അന്യസംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം

251 (916) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിൽ വിവിധ മേഖലകളിൽ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള അന്യസംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ ;

(ബി) എത്ര തൊഴിലാളികൾ, ഏതൊക്കെ മേഖലകളിലാണ് തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളതെന്ന വിശദാംശം ലഭ്യമാക്കുമോ ;

(സി) അന്യസംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണം ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ മാവേലിക്കര മണ്ഡലത്തിൽനിന്നും 290 അന്തർ സംസ്ഥാന തൊഴിലാളികൾ അംഗങ്ങളായി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) കടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗത്വമെടുത്ത അന്യ സംസ്ഥാന തൊഴിലാളികളുടെ വിവരം ഇപ്രകാരമാണ്:.

ഇഷ്ടിക നിർമ്മാണം	- 174
കശുവണ്ടി വ്യവസായം	- 37
ഭക്ഷ്യ വ്യവസായം	- 3
പാറ പൊട്ടിക്കൽ	- 3
അലുമിനിയം ഫാബ്രിക്കേഷൻ	- 4
കൂലി	- 48
മറ്റു വ്യവസായങ്ങൾ	- 21
ആകെ	290

(സി) വിവര ശേഖരണാർത്ഥം ഒരു ഏജൻസിയേയും ചുമതലപ്പെടുത്തിയിട്ടില്ല.

ബ്യൂട്ടീഷ്യൻ മേഖലയിൽ ജോലി ചെയ്യുന്നവരെ ഇ.എസ്.ഐ. സ്കീമിൽ ഉൾപ്പെടുത്താൻ നടപടി

252 (917) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ബ്യൂട്ടീഷ്യൻ മേഖലയിൽ ജോലി ചെയ്യുന്നവരെ ഇ.എസ്.ഐ. സ്കീമിൽ ഉൾപ്പെടുത്തി സൗജന്യ വൈദ്യസഹായം നൽകണം എന്ന ആവശ്യം പരിഗണിക്കുമോ ?

ഉത്തരം

സംഘടിത മേഖലയിലെ തൊഴിലാളികൾക്കാണ് ഇ.എസ്.ഐ. ആനുകൂല്യമുള്ളത്. ബ്യൂട്ടീഷ്യൻ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ അസംഘടിത മേഖലയിലുള്ളവരായതിനാൽ നിലവിലെ നിയമമനുസരിച്ച് അവർക്ക് ഇ.എസ്.ഐ. ആനുകൂല്യം നൽകാൻ സാധിക്കുകയില്ല. ഇ.എസ്.ഐ. കോർപ്പറേഷനാണ് ഓരോ വിഭാഗം തൊഴിലാളികളെയും ഇ.എസ്.ഐ. പരിധിയിൽ ഉൾപ്പെടുത്തുന്നതിനുള്ള തീരുമാനം കൈക്കൊള്ളുന്നത്.

LIBRARY ARCHIVES Kerala Legislative Assembly